REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 01-09-2024** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- കഴിഞ്ഞ പത്തു വർഷങ്ങളിൽ ഇന്ത്യൻ സമ്പദ്മേഖല 90 ശതമാനം വളർച്ച നേടിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി.
- ദേശീയ പോഷകാഹാര വാരത്തിന് ഇന്ന് തുടക്കമാകും.
- കൊച്ചി വിമാനത്താവളത്തിലെ എയ്റോ ലോഞ്ച് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.
- കാലങ്ങളായി തീർപ്പാക്കാത്ത പട്ടയകേസുകൾക്ക് ഈ ഗവൺമെന്റിന്റെ കാലത്തു തന്നെ പരിഹാരമുണ്ടാക്കുമെന്ന് മന്ത്രി K രാജൻ.
- ഡ്യൂറൻഡ് കപ്പ് ഫുട്ബോളിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡിന് കന്നി കിരീടം.

## വാർത്തകൾ വിശദമായി

**കഴിഞ്ഞ പത്തു വർഷങ്ങളിൽ ഇന്ത്യൻ സമ്പദ്മേഖല 90 ശതമാനം വളർച്ച നേടിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. അതേസമയം ആഗോള സമ്പദ് മേഖലയുടെ വളർച്ച 35 ശതമാനമായിരുന്നു. ഭാവിയിലും ഇതേ വളർച്ചാനിരക്ക് ഇന്ത്യയിൽ തുടരുമെന്നും അദ്ദേഹം ഡൽഹിയിൽ ഇക്കണോമിക് ടൈംസ് ലോക നേതാക്കളുടെ ഫോറത്തിൽ പറഞ്ഞു.**

**ഡെസ്ക്ക് റിപ്പോർട്ട്**

**......(വോയ്സ്).....**

**പരിഷ്ക്കരണം- പ്രകടനം- പരിവർത്തനം എന്ന മന്ത്രമാണ് കേന്ദ്രത്തിന്റേതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വിശദീകരിച്ചു. രാജ്യത്തിന്റെ വൻവളർച്ചയ്ക്കും, നേട്ടത്തിനും സാക്ഷികളായ ജനങ്ങൾ പൂർണ**

വിശ്വാസത്തിലാണെന്നും പ്രധാനമന്ത്രി പറഞ്ഞു. കഴിഞ്ഞ പത്തു വർഷങ്ങളിൽ 25 കോടിയിലേറെ ആളുകളെ ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കാൻ കഴിഞ്ഞു. മൂന്നാം തവണയും ഭരണമേറ്റതോടെ ഗവൺമെന്റിന്റെ ലക്ഷ്യം കൂടുതൽ ദൃഢമായതായി പ്രധാനമന്ത്രി വ്യക്തമാക്കി.

ഇന്ത്യയിൽ ഉപയോഗിക്കുന്ന മൊബൈൽ ഫോണുകളിൽ 99 ശതമാനവും തദ്ദേശീയമായി നിർമ്മിക്കുന്നവയാണെന്ന് പരിപാടിയിൽ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. ആപ്പിൾ കമ്പനി, ഏറ്റവും പുതിയ മോഡൽ ഇന്ത്യയിലാണ് ഈ വർഷം നിർമ്മിയ്ക്കുന്നത്. ഇന്ത്യയിലെ ഇലക്ട്രോണിക്സ് ഉത്പന്ന നിർമ്മാണമൂല്യം 2013-14 ലെ 29 ബില്യൺ ഡോളറിൽ നിന്ന് കഴിഞ്ഞ വർഷം 105 ബില്യൺ ഡോളറിന്റേതായി വർദ്ധിച്ചുവെന്നും ET ലോക നേതൃ ഫോറത്തിൽ അശ്വിനി വൈഷ്ണവ് പറഞ്ഞു.

✪✪✪

ന്യൂഡൽഹിയിൽ ഇന്നലെ ആരംഭിച്ച രണ്ടു ദിവസത്തെ ജില്ലാ ജുഡീഷ്യറി സമ്മേളനത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് സമാപന പ്രസംഗം നടത്തും. ഭാരത് മണ്ഡപത്തിലെ ചടങ്ങിൽ സുപ്രീംകോടതിയുടെ അധികാര മുദ്രയും പതാകയും രാഷ്ട്രപതി അനാവരണം ചെയ്യും. ഇന്നലെ പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് സുപ്രീംകോടതിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച സമ്മേളനത്തിന് തുടക്കം കുറിച്ചത്. സുപ്രീം കോടതിയുടെ 75 വർഷത്തെ പ്രവർത്തനത്തിന്റെ സ്മരണികാ നാണയവും, സ്റ്റാമ്പും മോദി പ്രകാശനം ചെയ്തു.

✪✪✪

2023 ലെ ടെലികോം നിയമത്തിന്റെ ആദ്യസെറ്റ് ചട്ടങ്ങൾ നിലവിൽ വരുത്തി കേന്ദ്രഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചു. ഡിജിറ്റൽ ഭാരത് നിധി എന്ന പേരിലാണ് ചട്ടങ്ങൾ രൂപീകരിച്ചത്. നിലവിലുണ്ടായിരുന്ന സാർവത്രിക സേവന ബാധ്യതാ നിധിയ്ക്ക് പകരമാണ് ഡിജിറ്റൽ ഭാരത് നിധി കൊണ്ടുവന്നത്. സമൂഹത്തിൽ ടെലികമ്മ്യൂണിക്കേഷൻ സേവനങ്ങൾ മതിയായ തോതിൽ ലഭിക്കാത്ത വിഭാഗങ്ങൾക്ക് അവ നൽകുന്നതിനാവശ്യമായ പദ്ധതികൾക്ക് നിധിയിൽ നിന്ന് ധനസഹായം നൽകും. സ്ത്രീകൾ, ദിവ്യാംഗർ, സാമൂഹ്യ-സാമ്പത്തിക രംഗത്തെ പിന്നാക്കക്കാർ തുടങ്ങിയവർക്കാവശ്യമായ പദ്ധതികൾക്കാണ് ധനസഹായം. ഗ്രാമീണ മേഖലയ്ക്കും വിദൂര പ്രദേശങ്ങൾക്കും ഊന്നൽ നൽകുന്ന പദ്ധതികൾക്കായിരിക്കും നിധിയിൽ മുൻഗണന.

✪✪✪

രാജ്യത്തെ ബയോടെക്നോളജി E-3 നയം 2024 കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് ന്യൂഡൽഹിയിൽ പുറത്തിറക്കി. ജൈവോത്പാദനം മികച്ച തോതിലാക്കാൻ

ലക്ഷ്യമിട്ടാണ് നയം തയ്യാറാക്കിയതെന്ന് അറിയിച്ച അദ്ദേഹം, ഭക്ഷ്യ- ഊർജ്ജ- ആരോഗ്യ രംഗങ്ങളിൽ ഇതിന് കാര്യമായ മാറ്റമുണ്ടാക്കാൻ കഴിയുമെന്ന് വിശ്വാസം പ്രകടിപ്പിച്ചു. പൊതു- സ്വകാര്യ മേഖലാ സഹകരണത്തോടെയായിരിക്കും നയം നടപ്പാക്കുന്നത്. കേന്ദ്രമന്ത്രിസഭ ഈ മാസം 24 നാണ് നയത്തിന് അംഗീകാരം നൽകിയത്.

✪✪✪

ദേശീയ പോഷകാഹാര വാരത്തിന് ഇന്ന് തുടക്കമാകും. ഇന്നു മുതൽ ഒരാഴ്ചയാണ് പോഷകാഹാര വാരം ആചരിക്കുന്നത്. പോഷകാഹാരത്തെക്കുറിച്ചും ആരോഗ്യപ്രദമായ ഭക്ഷണ ശീലത്തെക്കുറിച്ചും പൊതുജനങ്ങളിൽ അവബോധമുണ്ടാക്കാനാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഏഴാമത് രാഷ്ട്രീയ പോഷൻ മാസാചരണത്തിനും ഇന്ന് തുടക്കമാകും. ആരോഗ്യപ്രദമായ ജീവിതശൈലി പിന്തുടരേണ്ടതിന്റെ ആവശ്യകത ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം .

✪✪✪

കൊച്ചി വിമാനത്താവളത്തിലെ രണ്ടാം ടെർമിനലിൽ നിർമ്മാണം പൂർത്തിയാക്കിയ 0484 - എയ്റോ ലോഞ്ച് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മിതമായ നിരക്കിൽ യാത്രക്കാർക്കും കൂടെയെത്തുന്നവർക്കും വിമാനത്താവള ലോഞ്ച് സൗകര്യം ഉപയോഗപ്പെടുത്താമെന്ന് സിയാൽ അറിയിച്ചു. മണിക്കൂർ അടിസ്ഥാനത്തിലായിരിക്കും നിരക്ക് ഈടാക്കുന്നത്.

37 മുറികളും, നാല് സ്യൂട്ടുകളും, മൂന്ന് ബോർഡ് റൂമുകളും, രണ്ട് കോൺഫറൻസ് ഹാളുകളും, ജിം, ലൈബ്രറി, തുടങ്ങിയ സൗകര്യങ്ങൾ ലോഞ്ചിൽ ഒരുക്കിയിട്ടുണ്ട്. തുടർന്ന് ചേരുന്ന സിയാൽ ഡയറക്ടർ ബോർഡ് യോഗത്തിലും മുഖ്യമന്ത്രി പങ്കെടുക്കും.

✪✪✪

വയനാട് ഉരുൾപൊട്ടൽ മേഖലയിലെ സ്കൂളുകളിൽ പുന:പ്രവേശനോത്സവം നാളെ നടത്തും. മന്ത്രി V.ശിവൻകുട്ടി പരിപാടി ഉദ്ഘാടനം ചെയ്യും. വെള്ളാർമല ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, മേപ്പാടി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലും, മുണ്ടക്കൈ G.L.P.S മേപ്പാടി കമ്മ്യൂണിറ്റി ഹാളിലുമാണ് പ്രവർത്തിക്കുക. ഉരുൾപൊട്ടലിൽ SSLC സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടവർക്ക് അതിന്റെ പകർപ്പ് ചടങ്ങിൽ വിതരണം ചെയ്യും.

✪✪✪

ഉരുൾപൊട്ടലിൽ കനത്ത നാശം നേരിട്ട വിലങ്ങാട് മലയോരം കേന്ദ്ര ദുരന്തനിവാരണ പഠനസംഘം ഇന്നലെ സന്ദർശിച്ചു. ദുരന്ത

ആഘാതപഠനത്തിന്റെ ഭാഗമായി നടത്തിയ സന്ദർശനത്തിന്റെ റിപ്പോർട്ട് പിന്നീട് കൈമാറുമെന്ന് അധികൃതർ അറിയിച്ചു.

✪✪✪

UAE യിലെ അനധികൃത താമസക്കാർക്കായി പൊതുമാപ്പ് പദ്ധതിക്ക് ഇന്ന് തുടക്കമാകും. അടുത്തമാസം 30 വരെ, പൊതുമാപ്പ് കാലയളവിൽ നിരോധനമോ, പിഴയോ കൂടാതെ അനധികൃത താമസക്കാർക്ക് നാട്ടിലേക്ക് മടങ്ങാം. വിസകൾ കാലഹരണപ്പെട്ടവർക്ക് UAE യിൽ നിയമപരമായി താമസിക്കാനോ, ജോലി ചെയ്യാനോ അല്ലെങ്കിൽ പിഴയോ പ്രവേശന വിലക്കോ നേരിടാതെ രാജ്യം വിടാനോ സാധിക്കും.

UAE യിൽ ജനിച്ച് ഔദ്യോഗിക രേഖകളില്ലാതെ താമസിക്കുന്നവർക്കും, സ്പോൺസർമാരിൽ നിന്ന് ഒളിച്ചോടിയവർക്കും അവസരം പ്രയോജനപ്പെടുത്താം. എന്നാൽ അനധികൃതമായി രാജ്യത്ത് പ്രവേശിച്ചവർക്ക് പൊതുമാപ്പ് ബാധകമല്ല.

പൊതുമാപ്പിന്റെ സാഹചര്യത്തിൽ മലയാളി പ്രവാസികൾക്ക് നോർക്ക ഹെൽപ്പ് ഡെസ്ക് ഒരുക്കിയിട്ടുണ്ട്.

✪✪✪

കാലങ്ങളായി തീർപ്പാക്കാത്ത പട്ടയകേസുകൾക്ക് ഈ ഗവൺമെന്റിന്റെ കാലത്തു തന്നെ പരിഹാരമുണ്ടാക്കുമെന്ന് മന്ത്രി K രാജൻ തിരുവനന്തപുരത്ത് അറിയിച്ചു. പട്ടയം, ഭൂമി തരംമാറ്റം, ഡിജിറ്റൽ സർവെ എന്നിവ സംബന്ധിച്ച ജില്ലാകളക്ടർമാരുടെയും, സബ്-ഡെപ്യൂട്ടി കളക്ടർമാരുടെയും അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 40,000 ത്തോളം പട്ടയകേസുകളാണ് തീർപ്പാക്കാൻ ശേഷിക്കുന്നത്.

ഭൂമി പതിച്ചു നൽകാൻ ലഭിച്ച അപേക്ഷകളിൽ തയ്യാറാക്കിയ ജില്ലാതല പട്ടികയിൽപ്പെട്ടവർക്ക് പട്ടയം നൽകുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം ഈ മാസം 12 ന് കളമശ്ശേരിയിൽ നടത്തുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

ഓണത്തോടനുബന്ധിച്ച് ഭക്ഷ്യസുരക്ഷ, എക്സൈസ്, ലീഗൽ മെട്രോളജി സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കണമെന്ന് മന്ത്രി വീണാജോർജ് നിർദ്ദേശം നൽകി. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വൈകിട്ട് ആറ് വരെ OP യും ഡോക്ടർമാരുടെ സേവനവും ജില്ലാ മെഡിക്കൽ ഓഫീസർമാർ ഉറപ്പാക്കണമെന്നും മന്ത്രി പത്തനംതിട്ടയിൽ ജില്ലാ വികസന സമിതിയോഗത്തിൽ ആവശ്യപ്പെട്ടു.

✪✪✪

ഡ്യൂറൻഡ് കപ്പ് ഫുട്ബോളിൽ  നോർത്ത് ഈസ്റ്റ് യുണൈറ്റഡിന് കന്നി കിരീടം. ഇന്നലെ ഫൈനലിൽ മോഹൻ ബഗാനെ പെനാൽറ്റി ഷൂട്ടൗട്ടിൽ 4-3 ന് പരാജയപ്പെടുത്തിയാണ്  നോർത്ത് ഈസ്റ്റിന്റെ കിരീട നേട്ടം.

✪✪✪

അഖിലേന്ത്യ ഇന്റർ സ്കൂൾ ബാസ്ക്കറ്റ്ബോൾ ടൂർണമെന്റ് ഫൈനൽ മത്സരങ്ങൾ ഇന്ന് കോഴിക്കോട്ട് നടത്തും. ഫൈനൽ മത്സരങ്ങൾക്കുശേഷം സമാപന ചടങ്ങിൽ മുൻ ഇന്ത്യൻ ബാസ്ക്കറ്റ്ബോൾ ക്യാപ്റ്റൻ P.S ജീന വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യും.

✪✪✪

അന്താരാഷ്ട്ര ഉത്തരവാദിത്ത ടൂറിസം കേന്ദ്രത്തിന്റെ  ഈ വർഷത്തെ  ഇന്ത്യ സബ് കോണ്ടിനന്റ് ഗോൾഡ് അവാർഡ് ന്യൂഡൽഹിയിൽ ബേപ്പൂർ സമഗ്ര ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് സമ്മാനിച്ചു.  യശോഭൂമി കൺവെൻഷൻ സെന്ററിൽ  ഉത്തരാഖണ്ഡ് ടൂറിസം മന്ത്രിയിൽ നിന്ന്  കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി CEO  K. രൂപേഷ് കുമാർ  ഏറ്റുവാങ്ങി. തുടർച്ചയായി മൂന്നാം വർഷമാണ് കേരളത്തിന് ഈ  പുരസ്കാരം ലഭിക്കുന്നത്.

✪✪✪

മരം മുറി പരാതി പിൻവലിക്കണമെന്ന്  നിലമ്പൂർ MLA യോട്  പത്തനംതിട്ട S.P ആവശ്യപ്പെടുന്ന ഫോൺ സംഭാഷണം പുറത്തുവന്ന പശ്ചാത്തലത്തിൽ S.P യുടെ  രാജി ആവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് പ്രതീകാത്മക ക്ഷൗരസമരം നടത്തി. പത്തനംതിട്ടയിൽ S.P ഓഫീസിനു മുന്നിലാണ് യൂത്ത് കോൺഗ്രസ് പ്രവർത്തകർ പ്രകടനം നടത്തിയത്.

✪✪✪

കണ്ണൂർ ജില്ലാ തദ്ദേശ അദാലത്ത് നാളെ മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തും. മന്ത്രി MB രാജേഷ് അദാലത്തിന് നേതൃത്വം നൽകുമെന്ന് ജില്ലാപഞ്ചായത്ത് പ്രസിഡണ്ട് PP ദിവ്യ കണ്ണൂരിൽ അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ബുധനാഴ്ച്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ് അറിയിച്ചു. ഇന്ന് മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

അസ്ന ചുഴലിക്കാറ്റ് നാളെയോടെ ശക്തി കുറഞ്ഞ് തീവ്ര ന്യൂനമർദ്ദമായി മാറിയേക്കും.

✪✪✪

അങ്കമാലി യാഡിൽ അറ്റകുറ്റപണി നടക്കുന്നതിനാൽ ഇന്ന് മുതൽ ചില ട്രെയിനുകളുടെ സർവീസുകളിൽ മാറ്റം വരുത്തി. രാവിലെ 7.20-ന് പുറപ്പെടേണ്ട പാലക്കാട് - എറണാകുളം ജങ്ഷൻ മെമു, ഉച്ചയ്ക്ക് 2.45-ന് പുറപ്പെടേണ്ട എറണാകുളം ജങ്ഷൻ - പാലക്കാട് മെമു സർവീസുകൾ റദ്ദാക്കി.

തിരുവനന്തപുരം - കോഴിക്കോട് ജനശതാബ്ദി എക്സ്പ്രസ് ഇന്ന് എറണാകുളം ജംഗ്ഷനിൽ സർവീസ് അവസാനിപ്പിക്കും. ജനശതാബ്ദിയുടെ മടക്കയാത്ര എറണാകുളം ജങ്ഷനിൽ നിന്ന് വൈകിട്ട് 5.25 നായിരിക്കും.

തിരുവനന്തപുരം - ഷൊർണൂർ വേണാട് എക്സ്പ്രസ് എറണാകുളം ടൗണിലും, കണ്ണൂർ - ആലപ്പുഴ എക്സപ്രസ് ഷൊർണൂരിലും യാത്ര അവസാനിപ്പിക്കും.

✪✪✪

ഈ വർഷത്തെ PV സാമി സ്മാരക ഇൻഡസ്ട്രിയൽ ആന്റ് സോഷ്യോ കൾച്ചറൽ അവാർഡ് കോഴിക്കോട്ട് ഇന്ന് ഗോവ ഗവർണർ PS ശ്രീധരൻപിള്ള ഗോകുലം ഗോപാലന് സമ്മാനിയ്ക്കും. മന്ത്രി PA മുഹമ്മദ് റിയാസ് പ്രശസ്തിപത്രം കൈമാറും. MK രാഘവൻ MP അദ്ദേഹത്തെ പൊന്നാടയണിയിക്കും.

✪✪✪

ഇന്നത്തെ നാഷണൽ ഡിഫൻസ് അക്കാദമി, കമ്പയിൻഡ് ഡിഫൻസ് സർവീസ്, നേവൽ അക്കാദമി UPSC പരീക്ഷകളോടനുബന്ധിച്ച് കൊച്ചി മെട്രോ സർവ്വീസ് സമയം ദീർഘിപ്പിക്കും. രാവിലെ ഏഴ് മുതൽ ആലുവ, തൃപ്പൂണിത്തുറ ടെർമിനലുകളിൽ നിന്ന് സർവീസ് ആരംഭിക്കുമെന്ന് കൊച്ചി മെട്രോ അറിയിച്ചു.

✪✪✪